# 4

# വിദ്യാഭ്യാസത്തിന്റെ ഘട്ടങ്ങൾ

## 4.1 ആമുഖം

പ്രീ-പ്രൈമറി മുതൽ ഹയർസെക്കൻഡറിവരെ നീളുന്നതാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസം. ഭാവിസമൂഹത്തിന്റെ ക്ഷേമം ലക്ഷ്യമാക്കി സമഗ്രമായ കാഴ്ചപ്പാടോടെയാണ് ഇത് ആസൂത്രണം ചെയ്യേണ്ടത്.

നിലവിലുള്ള സ്കൂൾ വിദ്യാഭ്യാസം വിവിധ തലങ്ങളിലാണ് നിലകൊള്ളുന്നത് - പ്രീപ്രൈമറി, പ്രൈമറി, സെക്കൻഡറി. പ്രൈമറിയെ ലോവർ പ്രൈമറി, അപ്പർ പ്രൈമറി എന്നും സെക്കൻഡറിയെ സെക്കൻഡറി, ഹയർസെക്കൻഡറി എന്നിങ്ങനെ തിരിക്കാം. ഇതിൽ പ്രീ-പ്രൈമറി ഇന്ന് പൊതുവിദ്യാഭ്യാസധാരയിൽ നിന്ന് വേറിട്ടു നിൽക്കുകയാണ്. സാമൂഹികക്ഷേമം, സമഗ്രപോഷകാഹാരം, ശിശുപരിചരണം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന സമീപനം ഇവിടെ പൊതുവെ പിൻതുടർന്നുവരുന്നു. ലോവർ പ്രൈമറിയാണ് പൊതുവിദ്യാഭ്യാസത്തിന്റെ പ്രവേശനഘട്ടമായി പരിഗണിച്ചുവന്നത്. ഹയർസെക്കൻഡറിയെ പൊതുവിദ്യാഭ്യാസത്തിന്റെ അവസാന ഘട്ടമായി പരിഗണിക്കുന്നു. അടിസ്ഥാനശേഷിയും ജീവിത നൈപുണികളും ഉറപ്പുവരുത്തികൊണ്ടു സമൂഹജീവിതത്തിന്റെ വിവിധ തുറകളിൽ ഫലപ്രദമായി ഇടപെടാൻ കഴിയുംവിധം കുട്ടികളെ പ്രാപ്തരാക്കുന്ന വിധത്തിൽ ഹയർസെക്കൻഡറിവരെയുള്ള വിദ്യാഭ്യാസം കരുപ്പിടിപ്പിക്കേണ്ടതുണ്ട്.

പ്രീ-പ്രൈമറി കൂടി പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി കാണേണ്ടതുണ്ട്. അപ്പോൾ ഓരോ ഘട്ടത്തിന്റെയും സവിശേഷതകളും സാഹചര്യങ്ങളും നിർവചിക്കപ്പെടണം. അതിനുള്ള ശ്രമമാണ് ഇവിടെ നടത്തിയിട്ടുള്ളത്.

# പ്രീ-പ്രൈമറി വിദ്യാഭ്യാസം

## ശിശുവിദ്യാഭ്യാസത്തിന്റെ ആവശ്യകത

ഒരു വ്യക്തിയുടെ വികാസത്തിൽ 0 മുതൽ 6 വയസ്സു വരെയുള്ള കാലഘട്ടം അത്യന്തം നിർണായകമാണ്. ഈ പ്രായത്തിലുണ്ടാകുന്ന ഓരോ അനുഭവവും കുട്ടിയുടെ തലച്ചോറിലെ ദശലക്ഷക്കണക്കിനുള്ള നാഡീകോശങ്ങളുടെ സങ്കീർണമായ ബന്ധത്തിന് കാരണമാവുന്നു. വൈകാരികവും വൈജ്ഞാനികവും സാമൂഹികവുമായ വിവിധ മേഖലകളുടെ വികാസമാണ് ഇതിലൂടെ സാധ്യമാവുന്നത്. ഈ ഘട്ടത്തിലെ വിദ്യാഭ്യാസം സമസ്ത മേഖലകളുടെയും വികാസത്തിന് അടിത്തറയിടുന്നു.

കുഞ്ഞിന്റെ ജന്മസിദ്ധമായ സവിശേഷതകളും അവനു ലഭിക്കുന്ന അനുഭവങ്ങളും തമ്മിലുള്ള പരസ്പരബന്ധത്തിലൂടെയാണ് ഇത് സംഭവിക്കുന്നത്. ഇതാകട്ടെ ജനനം തൊട്ടേ ആരംഭിക്കുന്നു. ആകയാൽ കുഞ്ഞുങ്ങളുടെ വികാസം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ കാലേ

കൂട്ടി തന്നെ ആരംഭിക്കണം. ഇതാകട്ടെ വളരെ സ്വാഭാവികവുമായിരിക്കണം. ഇതിനു പറ്റിയ ഇടം സ്വന്തം വീട് തന്നെയാണെന്നതിൽ സംശയമില്ല. കാർഷികസമൂഹത്തിലെ കൂട്ടുകുടുംബ ങ്ങളിൽ ഇതിന് സഹായകമായ ഒരു പശ്ചാത്തലമുണ്ടായിരുന്നു. എന്നാൽ വ്യവസായവത്കര ണത്തോടെ സ്ഥിതി മാറി. അച്ഛനമ്മമാർക്ക് ദൂരസ്ഥലങ്ങളിൽ ചെന്ന് തൊഴിലെടുക്കേണ്ട സ്ഥിതി യുണ്ടായി. സമൂഹത്തിൽ വന്ന വലിയ തോതിലുള്ള മാറ്റങ്ങളുടെ ഫലമായി അണുകുടും ബങ്ങൾ പെരുകി. ആധുനിക സമൂഹത്തിൽ ജീവിക്കാനാവശ്യമായ പല കഴിവുകളും ഗൃഹാന്ത രീക്ഷത്തിൽ മാത്രം കിട്ടില്ലെന്ന നില വന്നു. ഇതെല്ലാം തന്നെ ആധുനിക രീതിയിലുള്ള സ്കൂൾ വിദ്യാഭ്യാസവും ഒപ്പം പ്രീ-സ്കൂൾ വിദ്യാഭ്യാസവും അനിവാര്യമാക്കി.

## ദാർശനികരും ശിശുവിദ്യാഭ്യാസവും

ആധുനിക വിദ്യാഭ്യാസചിന്തകരിൽ പ്രമുഖരായ കൊമേനിയസും റൂസോയും ശിശുവി ദ്യാഭ്യാസത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞിരുന്നു. ശിശുവിദ്യാഭ്യാസത്തിൽ പ്രത്യകം ശ്രദ്ധിച്ച ഫ്രോബലും മോണ്ടിസോറിയും യഥാക്രമം 'കിന്റർഗാർട്ടൻ','കുഞ്ഞുങ്ങളുടെ വീട്' എന്നീ മാതൃ കാവിദ്യാലയങ്ങൾ പടുത്തുയർത്തി. ജീൻ പിയാഷെ, ജെറോം എസ്. ബ്രൂണർ, എൽ.എസ്. വൈഗോട്സ്കി എന്നീ ജ്ഞാതൃവാദികളായ മനഃശാസ്ത്രജ്ഞർ ശിശുവിദ്യാഭ്യാസത്തിന്റെ രീതി ശാസ്ത്രം കുറേക്കൂടി വ്യക്തമാക്കി.

മേൽപ്പറഞ്ഞ സൈദ്ധാന്തികരുടെയും പ്രയോക്താക്കളുടെയും ആശയങ്ങൾ ഇങ്ങനെ സംക്ഷേപിക്കാം:

- കുഞ്ഞുങ്ങൾ ജന്മനാ പ്രവർത്തനനിരതരും പഠനോന്മുഖരുമാണ്.
- കളികളിൽ ഏർപ്പെടുമ്പോഴാണ് കുഞ്ഞുങ്ങൾ സ്വാഭാവികമായ രീതിയിലും ഫലപ്രദമായ തോതിലും പഠിക്കുക.
- മുതിർന്നവരുടെ നിയന്ത്രണങ്ങൾ കുഞ്ഞുങ്ങളുടെ സ്വാഭാവികപഠനത്തെ തടസ്സപ്പെടുത്തും.
- സ്കൂളിലായാലും വീട്ടിലായാലും കൂട്ടുചേർന്നുള്ള അനുഭവങ്ങളാണ് ധാരാളമായി ലഭി ക്കേണ്ടത്.
- പ്രീ-സ്കൂൾ രൂപകൽപന ചെയ്യേണ്ടത് കുഞ്ഞുങ്ങളുടെ ആവശ്യങ്ങൾക്കും താത്പര്യ ങ്ങൾക്കും അനുസൃതമായാണ്.
- കുഞ്ഞിന്റെ തനത് സംസ്കാരത്തിൽ നിന്നും ഭാഷയിൽ നിന്നും ജീവിതാനുഭവങ്ങൾ ധാരാ ളമായി ഉൾക്കൊള്ളാൻ അവസരം നൽകണം.
- നിരീക്ഷിക്കാനും പരീക്ഷിക്കാനും നിർമിക്കാനും ആവിഷ്കരിക്കാനുമുള്ള അവരുടെ താത്പ ര്യത്തെ പരമാവധി പ്രയോജനപ്പെടുത്തണം.
- കുഞ്ഞുങ്ങൾക്ക് ഉൾക്കൊള്ളാനാവാത്ത കാര്യങ്ങൾ യാന്ത്രികമായി പഠിപ്പിക്കാനുള്ള ശ്രമ ങ്ങൾ നിരുത്സാഹപ്പെടുത്തണം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും ഒട്ടേറെ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. കേരളത്തിലെ പ്രീ-പ്രൈമറി രംഗത്ത് പ്രധാനമായും, സ്വകാര്യ വ്യക്തികൾ നടത്തുന്ന സ്ഥാപ നങ്ങൾക്കായിരുന്നു മുൻഗണന. പിന്നീട് ICDS നു കീഴിൽ സ്ഥാപിക്കപ്പെട്ട അങ്കണവാടികൾ, സ്കൂളിനോടു ചേർന്ന പ്രീ-പ്രൈമറികൾ ഇവയും ഈ മേഖലയിൽ സ്ഥാനം പിടിച്ചു. 2006 ൽ എസ്.സി.ഇ.ആർ.ടി തയാറാക്കിയ പ്രീ-പ്രൈമറി പാഠ്യപദ്ധതി ഈ രംഗത്ത് ഐകരൂപ്യം ഉണ്ടാ ക്കാനുള്ള ഇടപെടലാണ്.

## നിലവിലുള്ള പ്രശ്നങ്ങൾ

- അങ്കണവാടികളിൽ മൂന്നിലൊന്ന് സ്ഥാപനങ്ങൾ ഇന്നും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഉള്ള കെട്ടിടങ്ങളാകട്ടെ സൗകര്യം കുറഞ്ഞവയും ശിശുസൗഹൃദപരമല്ലാത്തവയുമാണ്.
- പഠന കളിക്കോപ്പുകളുടെ എണ്ണം സമീപകാലത്ത് വർധിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും ആവശ്യത്തിനു തികയുന്നില്ല. ഉള്ളവയാവട്ടെ ശിശുവികാസലക്ഷ്യങ്ങൾ നേടിയെടുക്കാൻ വേണ്ടത്ര പര്യാപ്തവുമല്ല. വാതിൽപ്പുറ ഉപകരണങ്ങളാകട്ടെ ചുരുക്കം സ്ഥലത്തേ കാണാനുള്ളൂ.
- പല സ്ഥാപനങ്ങളും റോഡരികിലോ കുന്നിൻപുറത്തോ ആണ്. ഔപചാരികമായ അന്തരീക്ഷവും ശുചിത്വം കുറഞ്ഞ ചുറ്റുപാടുമാണ് പലേടത്തും കാണാനുള്ളത്.
- ഏകീകൃതമായ ഒരു പാഠ്യപദ്ധതി ഇല്ല. മിക്കയിടത്തും പഠനരീതി ഔപചാരികത കലർന്നതാണ്. എഴുത്തും കണക്കും ഇംഗ്ലീഷും നേരത്തെ പഠിപ്പിക്കാൻ പലരും ശ്രമിക്കുന്നു. രക്ഷാകർത്താക്കളുടെ നിർബന്ധം ഇതിന് ഒരു പ്രധാന കാരണമായി ചൂണ്ടിക്കാട്ടുന്നു.
- ആദിവാസി മേഖലയിലെ കുട്ടികൾ, സവിശേഷതകളുള്ള മറ്റു കുട്ടികൾ എന്നിവരുടെ പ്രശ്നങ്ങൾ പഠനപ്രവർത്തനങ്ങൾ ഒരുക്കുന്നതിലും മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലും പരിഗണിക്കപ്പെടുന്നില്ല.
- നിലവിലുള്ള പ്രീ-സ്കൂൾ പ്രവർത്തകർ നവീനമായ ശിശുവികാസ കാഴ്ചപ്പാടനുസരിച്ചുള്ള പരിശീലനങ്ങൾ വേണ്ടത്ര ലഭിച്ചവരല്ല.
- തദ്ദേശ സ്ഥാപനങ്ങളും പ്രാദേശിക സമൂഹവും പ്രീ-പ്രൈമറിയുടെ കാര്യത്തിൽ ഇപ്പോഴും മതിയായ താത്പര്യം പുലർത്തുന്നില്ല.
- ഏജൻസികളുടെ ഏകോപനക്കുറവും മോണിറ്ററിങ്ങിന്റെ അഭാവവും പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുന്നു.

*കുട്ടികൾക്ക് കാര്യങ്ങൾ അറിയാനും അവർക്ക് ചുറ്റുമുള്ള ലോകത്തെ മനസ്സിലാക്കാനുമുള്ള നൈസർഗ്ഗികമായ വാസനയുണ്ടെന്നുള്ളത് സുവിദിതമാണ്. അതുകൊണ്ടുതന്നെ ശിശുവിന്റെ ആദ്യപാഠങ്ങൾ അവരുടെ താൽപര്യങ്ങളും മുൻഗണനകൾ അനുസരിച്ചും അവരുടെ അനുഭവങ്ങളുടെ പശ്ചാത്തലത്തിലുമായിരിക്കണം; അല്ലാതെ പൂർവ നിശ്ചിതമായ ഘടനയിലൂടെയാകരുത്. ചോദനകളാലും അനുഭവങ്ങളാലും സമൃദ്ധവും അന്വേഷണത്തിനും പരീക്ഷണത്തിനും സ്വയം പ്രകാശനത്തിനും ഇഷ്ടം പോലെ ഇടമുള്ളതും അവർക്ക് സ്നേഹവും വിശ്വാസവും സുരക്ഷിതത്വവും നൽകുന്ന സാമൂഹിക ബന്ധത്തിലുറച്ചതുമായ ഒരന്തരീക്ഷമാണ് അവരെ കഴിവുറ്റവരാക്കുക. പാട്ടും കളിയും കലകളും മിണ്ടാനും പറയാനും കേൾക്കാനും കേൾപ്പിക്കാനും ഇഷ്ടംപോലെ കിട്ടുന്ന അവസരങ്ങളും ഈ ഘട്ടത്തിലെ പഠനപ്രക്രിയയുടെ അവശ്യഘട്ടങ്ങളായിരിക്കണം. ഈ ഘട്ടത്തിൽ പഠനത്തിനുപയോഗിക്കുന്ന ഭാഷ കുട്ടികൾക്ക് സുപരിചിതമായിരിക്കണമെന്നത് വളരെ പ്രധാനമാണ്. പ്രീ-പ്രൈമറിയിൽ വന്നു ചേരുന്ന കുഞ്ഞുങ്ങൾ, ശിശുക്കൾ മുതൽ പ്രീ--സ്കൂളുകാർ വരെയുള്ളവർ, ഇടകലർന്നിരിക്കുമെന്നതിനാൽ അവർക്കായി ഒരുക്കുന്ന പ്രവർത്തനങ്ങളും അനുഭവങ്ങളും അവരുടെ വളർച്ചയ്ക്കൊത്തതാണെന്നുറപ്പുവരുത്തേണ്ടതുണ്ട്.*

*കുട്ടിയ്ക്കുണ്ടായേക്കാവുന്ന വൈകല്യങ്ങളുടെ കാലേകൂട്ടിയുള്ള തിരിച്ചറിവും വിലയിരുത്തലും അനുയോജ്യമായ ചോദന നൽകലും പ്രസ്തുത പരിമിതി ക്രമാതീതമായി വർധിക്കാതിരിക്കാൻ സഹായിക്കും. ഏറ്റവും കാതലായ മുന്നറിയിപ്പ്, കുഞ്ഞുങ്ങളെ നിർബന്ധിച്ച് എഴുതാനും വായിക്കാനും പാഠം പഠിക്കാനും, ഇംഗ്ലീഷോ മറ്റു രണ്ടാം ഭാഷകളോ കൃത്രിമമായി അടിച്ചേൽപ്പിക്കാനും ശ്രമിക്കരുത് എന്നാണ്. അതായത് പ്രീ- സ്കൂളുകളെ പ്രൈമറി സ്കൂളുകളിലേയ്ക്കുള്ള പരിശീലന കേന്ദ്രങ്ങളാക്കരുത് എന്നർഥം. വാസ്തവത്തിൽ ഒരു നിർദേശമുള്ളത് ECCE യെ 0 – 8 വരെ പ്രായമുള്ള കുഞ്ഞുങ്ങൾക്കു വേണ്ടിയാക്കുക എന്നതാണ്. അതായത്, പ്രൈമറിയുടെ ആദ്യഘട്ടം കൂടി (1,2 ക്ലാസുകൾ) അതിൽപ്പെടുത്തുക. ECCE യുടെ സമ്പൂർണതയുള്ള സമീപനങ്ങളും രീതികളും (വിശേഷിച്ചും സമഗ്രവും ഉദ്ഗ്രഥിതവുമായ വികാസം, പ്രവർത്തനാധിഷ്ഠിത പഠനം, ഒരു ഭാഷ എഴുതാൻ പഠിക്കുന്നതിനു മുമ്പ് അതു കേട്ട് മനസിലാക്കുവാനും മിണ്ടാനും പഠിക്കുക, സന്ദർഭാനുസൃതത്വം, വീടും സ്കൂളും തമ്മിലുള്ള തുടർച്ച മുതലായ ഘടകങ്ങൾ)കുഞ്ഞുങ്ങളുടെ പഠനാനുഭവങ്ങളെ അവരുടെ ശൈശവകാലത്തുടനീളം അനുരൂപപ്പെടുത്താനുതകും. പിന്നീട് എലിമെന്ററി സ്കൂൾ ഘട്ടത്തിലേയ്ക്കുള്ള സംക്രമണം സുഗമമാക്കും.*

**NCF - 2005**

## പ്രീ-സ്കൂൾ വിദ്യാഭ്യാസം - കാഴ്ചപ്പാടുകൾ

- പ്രീ-പ്രൈമറി വിദ്യാഭ്യാസം പൊതു വിദ്യാഭ്യാസത്തിന്റെ ഭാഗമായി പരിഗണിക്കണം.
- എല്ലാ സ്ഥാപനങ്ങൾക്കും സ്വന്തം കെട്ടിടവും മതിയായ സ്ഥലസൗകര്യവും ഗുണമേന്മയുള്ള പഠനസാമഗ്രികളും ഉണ്ടാവണം.
- ആരോഗ്യം, പോഷണം, ശുചിത്വം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ എല്ലാ സ്ഥാപനങ്ങളിലും വേണം
- സമഗ്രവികാസം ഉറപ്പുവരുത്തുന്നതിനുള്ള കളികളാണ് എല്ലാ കേന്ദ്രങ്ങളിലും നടക്കേണ്ടത്.

**ശിശുവിദ്യാഭ്യാസത്തെകുറിച്ച് ഗാന്ധിജി**

*"കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം വാസ്തവത്തിൽ അമ്മയുടെ ഗർഭപാത്രത്തിൽ കിടക്കുമ്പോഴേ തുടങ്ങണം. അമ്മയെ പഠിപ്പിച്ചു കൊണ്ടാണിത് ആരംഭിക്കേണ്ടത്."*

*"കുഞ്ഞുങ്ങളെ സംബന്ധിച്ച് പ്രവൃത്തിയും കളിയും തമ്മിൽ വ്യത്യാസമില്ല. കുഞ്ഞിനെ സംബന്ധിച്ച് എന്തും കളിയാണ്."*

*"ശിശു വിദ്യാഭ്യാസത്തിന്റെ ആദ്യപാഠം ശുചിത്വത്തെക്കുറിച്ചാവണം. ഉച്ചാരണം മെച്ചപ്പെടുത്താനും ശ്രദ്ധവെക്കണം. ചരിത്രവും ഭൂമിശാസ്ത്രവുമെല്ലാം കഥാരൂപത്തിൽ സംയോജിപ്പിച്ച് നൽകാം. അക്ഷരമെഴുതിക്കരുത്. എന്നാൽ ജ്യാമിതീയ രൂപങ്ങൾ വരച്ചു തുടങ്ങാം. ഓട്ടം, ചാട്ടം എന്നിവയിലൂടെ ശാരീരിക വികാസം ഉറപ്പാക്കണം."*

*"ടീച്ചർ അമ്മയെപ്പോലെയാവണം. അമ്മമാർ തന്നെ ഈ ജോലി ഏറ്റെടുക്കുമെങ്കിൽ നല്ലത്."*

- കുട്ടിയുടെ വീട്ടിൽ സംസാരിക്കുന്ന ഭാഷ മാത്രമേ ഉപയോഗിക്കാവൂ
- സംസ്ഥാനതലത്തിൽ തയാറാക്കിയ പൊതുപ്രവർത്തന മാനുവൽ, പാഠ്യപദ്ധതി എന്നിവയ്ക്കുള്ളിൽ നിന്നുകൊണ്ട് പ്രാദേശിക വഴക്കത്തോടെയുള്ള പ്രവർത്തനങ്ങളായിരിക്കണം എല്ലായിടത്തും നടത്തേണ്ടത്.
- സമഗ്രമായ പ്രീ-പ്രൈമറിബിൽ തയാറാക്കി നടപ്പിലാക്കൽ, കേരള വിദ്യാഭ്യാസ നിയമത്തിൽ മതിയായ നിർദേശങ്ങൾ ഉൾക്കൊള്ളിക്കൽ എന്നിവയും പരമപ്രധാനമാണ്.
- അയൽപക്ക സമ്പ്രദായം കർശനമായിത്തന്നെ നടപ്പിലാക്കണം.
- രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണി വരെയുള്ള കുഞ്ഞിന്റെ സംരക്ഷണം ഏറ്റെടുക്കാൻ കഴിയുന്ന തരത്തിൽ സ്ഥാപനങ്ങൾ സജ്ജമാകണം. ടീച്ചറുടെ നേതൃത്വത്തിലുള്ള കളിപ്രവർത്തനങ്ങൾ 10 മണി മുതൽ 12.30 വരെ മതിയാവും.
- (0-3) വയസ്സുകാർക്ക് ആവശ്യമുള്ളയിടങ്ങളിൽ ക്രഷേകൾ ആരംഭിക്കണം. വലിയ വ്യവസായ സ്ഥാപനങ്ങൾ ഓഫീസ് സമുച്ചയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയോടു ചേർന്ന് ക്രഷേകൾ ആരംഭിക്കാൻ മാനേജ്മെന്റുകൾ മുന്നോട്ടുവരണം.
- (3-5) പ്രായഘട്ടത്തിലെ പ്രീ-സ്കൂൾ വിദ്യാഭ്യാസം സാർവത്രികവും സൗജന്യവുമാക്കണം. ഇതിന്റെ ചുമതല തദ്ദേശഭരണ സ്ഥാപനങ്ങൾ എറ്റെടുക്കണം. ക്രെഷെകളും പ്രി-സ്കൂൾ വിദ്യാഭ്യാസ സ്ഥാപനങ്ങളും തദ്ദേശ ഭരണസ്ഥാപനങ്ങളുടെ കീഴിൽ റജിസ്റ്റർ ചെയ്യണം. നിലവിലുള്ള സ്ഥാപനങ്ങൾ പൊതുവായ പ്രവർത്തനപരിപാടിയും (ഏതു തരത്തിൽ പെട്ടതായാലും) ആരോഗ്യ- പോഷണ പ്രവർത്തനങ്ങളും ഏറ്റെടുക്കണം. ഇതിനായി വിവിധ ഏജൻസികൾ ഏകോപിച്ചു പ്രവർത്തിക്കണം.
- അധ്യാപികമാർക്ക്/വർക്കർമാർക്ക് +2 യോഗ്യതയും 2 വർഷത്തെ പി.പി.റ്റി.റ്റി.സി യോഗ്യതയും ഇനിയങ്ങോട്ട് ഉറപ്പുവരുത്തണം. ആയമാരുടെ യോഗ്യത എസ്സ്.എസ്സ്.എൽ.സി യും ശിശുപരിചരണ കോഴ്സുമാക്കി നിജപ്പെടുത്തണം. കോഴ്സുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തണം. ജീവനക്കാരുടെ വേതനവ്യവസ്ഥകൾ ഉചിതമായി പരിഷ്കരിക്കണം. അധ്യാപകരുടെ/അധ്യാപികമാരുടെ/വർക്കർമാരുടെ സേവന-വേതന വ്യവസ്ഥകൾ പ്രൈമറി അധ്യാപകർക്ക് തുല്യമാക്കണം. ഇവരെ പഞ്ചായത്ത്/മുനിസിപ്പൽ തലത്തിൽ വിദഗ്ധ സമിതി വഴി തിരഞ്ഞെടുക്കണം.

- പ്രതിമാസ ക്ലസ്റ്റർ കൂടിച്ചേരലിലൂടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്തുകയും ആസൂത്രണം ചെയ്യുകയും വേണം.
- പ്രീ-സ്കൂളിന് ക്ഷേമസമിതികൾ രൂപീകരിക്കുകയും പ്രവർത്തനം കാര്യക്ഷമമാക്കുകയും സമൂഹപങ്കാളിത്തം ഉറപ്പുവരുത്തുകയും വേണം.
- ശാരീരികമായും മാനസികമായും വെല്ലുവിളി നേരിടുന്നവർ, ആദിവാസി - തീരദേശത്തെ കുഞ്ഞുങ്ങൾ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ, പെൺകുട്ടികൾ എന്നിവർക്ക് അവസരതുല്യതയും പ്രത്യേക ശ്രദ്ധയും നൽകണം.
- ഓരോകുഞ്ഞിനും ഹെൽത്ത് കാർഡ്. വ്യക്തിഗത ഫയലുകൾ എന്നിവ ഏർപ്പെടുത്തണം. ഇവ പ്രൈമറി വിദ്യാലയങ്ങൾക്ക് പ്രവേശനഘട്ടത്തിൽ കൈമാറണം.
- കുഞ്ഞുങ്ങൾക്ക് പോഷകമൂല്യമുള്ള ഭക്ഷണവും ശുദ്ധജലവും സ്ഥാപനത്തിൽത്തന്നെ ഉറപ്പുവരുത്തണം.
- ഐ.സി.ഡി.എസ്. ഭക്ഷണപരിപാടി പ്രീ-പ്രൈമറി സ്കൂളുകൾക്കുകൂടി വ്യാപിപ്പിക്കണം.
- പ്രീ-പ്രൈമറി പി.ടി.എ രൂപീകരിക്കുകയും പ്രതിമാസ പി.ടി.എ യോഗം ചേർന്ന് കുഞ്ഞുങ്ങളുടെ ആരോഗ്യത്തെയും വികസനത്തെയും സംബന്ധിച്ച കണ്ടെത്തലുകൾ ചർച്ചചെയ്യുകയും വേണം.
- അക്കാഡമിക്ക് നേതൃത്വം എസ്.സി.ഇ.ആർ.ടി.ക്ക് ആയിരിക്കണം.

# പ്രൈമറിവിദ്യാഭ്യാസം

ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ സാമൂഹിക സാംസ്കാരിക സാഹചര്യത്തിലാണ് കേരളത്തിലെ കുട്ടികൾ വളരുന്നത്. പ്രൈമറി വിദ്യാലയങ്ങളിലേക്ക് എത്തുന്ന കുട്ടികളിൽ ബഹുഭൂരിപക്ഷവും പ്രീ-സ്കൂൾ വിദ്യാഭ്യാസം ലഭിച്ചവരാണ്. കൂട്ടായി ആടിയും പാടിയും പ്രവർത്തിച്ചും സാമൂഹ്യവത്കരണത്തിനു വിധേയരായവരാണവർ. അനൗപചാരികപഠനരീതിയിലൂടെ കടന്നുവന്നവരാണ്. ഗതാഗതം, വാർത്താവിനിമയം, പൊതുസ്ഥാപനങ്ങൾ ദൃശ്യമാധ്യമങ്ങൾ എന്നിവയുടെ അനുഭവപരിസരത്തിൽ വളരുന്നവരാണ് ഇവർ. ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഏതെങ്കിലും ഒരു ഘട്ടം പൂർത്തീകരിച്ച രക്ഷിതാക്കളുടെ മക്കളാണിന്ന് വിദ്യാലയത്തിൽ പ്രവേശിപ്പിക്കപ്പെടുന്നവരിൽ വലിയപങ്കും. തന്നെയുമല്ല, വിദ്യാഭ്യാസം ചെയ്യിക്കുക എന്നതിൽ അതീവ ജാഗ്രത പുലർത്തുന്ന രക്ഷാകർത്തൃ സമൂഹമാണ് ഇവിടുള്ളത്. കുട്ടികളിൽ ഏറെപ്പേർക്കും വീട്ടിലും സമൂഹത്തിലും അർഹമായ പരിഗണനയും ഇന്ന് ലഭിക്കുന്നുണ്ട്. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ വൈവിധ്യം, സസ്യസമൃദ്ധി, കാലാവസ്ഥാ വൈവിധ്യം, ജലസമൃദ്ധി, മതനിരപേക്ഷ കൂട്ടായ്മകൾ തുടങ്ങി കുട്ടിയുടെ അനുഭവതലത്തെ സമ്പുഷ്ടമാക്കുന്ന അനുകൂലഘടകങ്ങൾ ഏറെയാണ്. ആരോഗ്യസുരക്ഷയ്ക്കും ശുചിത്വത്തിനും നൽകുന്ന പ്രാധാന്യവും സംവിധാനങ്ങളും കുട്ടിയുടെ വികസനാവശ്യങ്ങളുമായി പൊരുത്തപ്പെടുന്നതാണ്. ഇത്തരം സാമൂഹികസാഹചര്യത്തിൽ അനുഭവാത്മകപഠനത്തിന്റെ പ്രാഥമിക തലങ്ങളിലൂടെ നൈസർഗിക ശേഷികൾ പ്രയോജനപ്പെടുത്തി കടന്നുപോയ കുട്ടിയാണ് 'പ്രവേശനോത്സവത്തിന്റെ' ആഹ്ലാദം പങ്കിട്ട് ഔപചാരിക വിദ്യാഭ്യാസത്തിനു തുടക്കം കുറിക്കാൻ എത്തുന്നത്. സമൂഹത്തിന്റെ ശ്രദ്ധയും താല്പര്യവും പ്രാഥമിക വിദ്യാഭ്യാസത്തിൽ ശാസ്ത്രീയമായ സമീപനം സ്വീകരിക്കുവാൻ പ്രേരകമാകണം.

- അനൗപചാരികമായ പഠനരീതി തുടരണം.
- ചുറ്റുമുള്ള പ്രകൃതിയുമായി ചങ്ങാത്തം കൂടി വളർന്ന കുട്ടിക്ക് ആ ബന്ധം ഊട്ടി ഉറപ്പിക്കാൻ തുടർന്നുള്ള പഠന കാലയളവും സഹായകമാകണം.

- പഠനത്തിന് അനുകൂലമായ സാമൂഹിക പരിസരത്തെ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയണം.
- കുട്ടിയുടെ അറിവിനെ വിദ്യാലയത്തിനകത്തേക്ക് മാത്രം പരിമിതപ്പെടുത്തി സമഗ്രവികാസത്തിനുള്ള വഴിയടയ്ക്കാതിരിക്കാൻ ശ്രദ്ധിക്കണം.

## കുട്ടികളുടെ അവകാശങ്ങളും പ്രൈമറിവിദ്യാഭ്യാസവും

- ശാരീരികവും മാനസികവും മൂല്യാധിഷ്ഠിതവും സാമൂഹികവുമായ വളർച്ചക്ക് അനുയോജ്യമായ സാഹചര്യം ഒരുക്കണം.

  പഠനമെന്നാൽ വിവരങ്ങൾ സംഭരിച്ചുവയ്ക്കാനുള്ള കഴിവു വളർത്തലാണെന്ന ധാരണ വളർത്തുന്ന അശാസ്ത്രീയ വിദ്യാഭ്യാസ സമ്പ്രദായത്തെ നിരാകരിക്കുന്നതാണ് ഈ പ്രസ്താവന. സാമൂഹികസമ്പർക്ക പ്രവർത്തനങ്ങൾക്കും അർഹമായ സ്ഥാനം പ്രാഥമിക വിദ്യാഭ്യാസത്തിൽ നൽകേണ്ടതുണ്ട്.

- കുട്ടികളുടെ വ്യക്തിത്വത്തിന്റെയും സർഗശേഷികളുടെയും വികസനം മാനസികവും ശാരീരികവുമായ കഴിവുകളുടെ പൂർണതോതിലുള്ള വികാസം എന്നിവ ഉറപ്പുവരുത്തണം.

  പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ആദ്യനാൾ മുതൽ തന്നെ കുട്ടിയെ ഒരു വ്യക്തിയെന്ന രീതിയിൽ അംഗീകരിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം രൂപപ്പെടുത്തേണ്ടതുണ്ട്. എല്ലാ വിധമായ ശിക്ഷാരീതികളും അവസാനിപ്പിക്കണം. സർഗാത്മകതയ്ക്ക് എല്ലാ വിഷയങ്ങളിലും ഇടം ഉണ്ടാകണം. ആത്മപ്രകാശനത്തിന് അവസരങ്ങൾ നൽകണം. കഴിവുകളിലെ വൈവിധ്യം മാനിക്കപ്പെടണം.

- വിശ്രമവേളകൾ ആസ്വദിക്കാനും പ്രായത്തിനു ചേർന്ന വിനോദപരിപാടികളിൽ ഏർപ്പെടാനും സ്വതന്ത്രമായി കലാസാംസ്കാരിക പരിപാടികളിൽ പങ്കെടുക്കുവാനുമുള്ള കുട്ടികളുടെ അവകാശം അംഗീകരിക്കപ്പെടണം.

  വിനോദങ്ങളിൽ ഏർപ്പെടുന്നത് പഠനം തന്നെയാണ്. മാനസികമായ കഴിവിന്റെ വികാസം ഇതിൽ അന്തർലീനമായിട്ടുണ്ട്. മാനസികാരോഗ്യവും കലാസാംസ്കാരിക വിനോദപരിപാടികളും തമ്മിൽ ബന്ധമുണ്ട്. സാംസ്കാരികപഠനത്തിന്റെ അനുഭവതലവുമായി ഇവയെ ബന്ധിപ്പിക്കുകയും വേണം. വിദ്യാലയത്തിനകത്തും പുറത്തും വിശ്രമവേളകളും ഒഴിവുവേളകളും നിർബന്ധമായും ലഭിച്ചേതീരൂ. സംഘർഷങ്ങളിലേക്ക് കുട്ടിയെ നയിക്കാതിരിക്കുന്നതിനും ഇത്തരം സന്ദർഭങ്ങൾ അനിവാര്യമാണ്.

- സ്നേഹിക്കപ്പെടാനുള്ള അവകാശം ഓരോ കുട്ടിക്കുമുണ്ട്.

  പ്രാഥമിക വിദ്യാഭ്യാസം അനൗപചാരിക സ്വഭാവത്തിലാകുന്നതോടൊപ്പം കുട്ടിക്ക് സന്തോഷവും സ്നേഹവും പ്രദാനം ചെയ്യുന്ന വിദ്യാലയാന്തരീക്ഷത്തെ പ്രോത്സാഹിപ്പിക്കുന്ന ശിശുസൗഹൃദ വിദ്യാലയ സങ്കല്പത്തിനും കൂടുതൽ പ്രാധാന്യം നൽകണം.

- പ്രത്യേക സംരക്ഷണം അർഹിക്കുന്ന കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം. ചെറു ന്യൂനപക്ഷമാണെങ്കിലും വേണ്ടവിധത്തിൽ പരിഗണന ലഭിക്കാതെപോകുന്ന കുട്ടികൾ പാഠ്യപദ്ധതിയുടെയും വിദ്യാഭ്യാസത്തിന്റെയും ആഭ്യന്തരദൗർബല്യമാണ്. കാഴ്ചപ്പാടിന്റെയും പ്രതിജ്ഞാബദ്ധതയുടെയും പ്രശ്നമാണിത്. പാഠ്യപദ്ധതിയുടെ എല്ലാ അംശങ്ങളിലും ഈ പരിഗണന പാലിക്കപ്പെടണം.
- സാമൂഹികമായി അവശത അനുഭവിക്കുന്ന വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രത്യേകം പരിഗണന നൽകണം. അവരുടെ കുടുംബപരവും സമൂഹികവുമായ അവശതയുടെ പ്രശ്നങ്ങൾ കണ്ടെത്തി കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തണം.

**വികാസപരമായ ആവശ്യങ്ങൾ**

വളരുന്ന കുട്ടി എന്നതിനെ വിശാലമായ അർഥത്തിൽ കാണേണ്ടതാണ്. ശാരീരികവികസനം, വൈകാരിക വികസനം, വൈജ്ഞാനിക വികസനം, സാമൂഹികവികസനം, ഭാഷാവികസനം, നൈതികവികസനം എന്നീ മേഖലകളിലെ വികസനാവശ്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് പാഠ്യപദ്ധതിയിൽ ഊന്നൽ നൽകണം. ബഹുമുഖ ബുദ്ധിസിദ്ധാന്തത്തെയും അഭിസംബോധന ചെയ്യുന്നതാവണം പാഠ്യപദ്ധതി.

**കുട്ടിയുടെ പ്രകൃതം**

കുട്ടിയുടെ പ്രകൃതത്തെ അംഗീകരിച്ചുള്ള പാഠ്യപദ്ധതിയാണ് അനിവാര്യം. പലപ്പോഴും പ്രയോഗതലത്തിൽ ഇതിൽ വെള്ളം ചേർക്കപ്പെടുന്നതായിക്കാണാം. അധ്യാപകരുടെ പ്രകൃതത്തിലേക്ക് കുട്ടിയെ പരുവപ്പെടുത്തിയെടുക്കാനുള്ള ശ്രമങ്ങൾ പൂർണമായും ഒഴിവാക്കപ്പെടേണ്ടതുണ്ട്. ക്ലാസിനകവും പുറവും കുട്ടിയുടെ പ്രകൃതത്തെ മാനിക്കത്തക്കതാകണം. ചിത്രവേലകളും പരീക്ഷണോപകരണങ്ങളും കളിക്കോപ്പുകളും വാദ്യോപകരണങ്ങളും പാട്ടുപെട്ടികളുമൊക്കെ കുട്ടിക്ക് പ്രാപ്യമായ രീതിയിൽ ക്രമീകരിക്കപ്പെടുമ്പോൾ ജിജ്ഞാസയും സൃഷ്ടിപരതയും ഉണർത്തുന്ന അന്തരീക്ഷത്തിലേക്ക് വിദ്യാലയവും സ്വയം മാറും. ജനാധിപത്യ അവബോധമുള്ള അധ്യാപകരിൽ നിന്നും പ്രതീക്ഷിക്കാവുന്ന മികച്ച പഠനസമീപനമാണ് പ്രകൃതത്തെ പരിഗണിച്ചുള്ള വിദ്യാഭ്യാസം. പ്രൈമറിതലം കരുതിവെക്കേണ്ട വിഭവവും ഈ സമീപനം തന്നെയാകണം.

**പഠനമേഖലകൾ**

- മാതൃഭാഷ, ഗണിതം, പരിസരപഠനം, കലാകായികപ്രവൃത്തി പരിചയം എന്നിവയായിരിക്കണം ലോവർപ്രൈമറിതലത്തിലെ മുഖ്യപഠനവിഷയങ്ങൾ. സാമൂഹികാവശ്യം പരിഗണിച്ച് ശാസ്ത്രീയമായ ഇംഗ്ലീഷ് പഠനവും ഉണ്ടാകണം.
- പ്രമേയങ്ങൾ (തീം) അടിസ്ഥാനമാക്കിയാവണം പഠനം നടക്കേണ്ടത്. ലോകത്തെപ്പറ്റിയുള്ള കുട്ടിയുടെ നൈസർഗികമായ അറിവിനെ സ്കൂളിൽ നിന്നും ലഭിക്കുന്ന അറിവുമായി സമർത്ഥമായി കൂട്ടിയിണക്കാൻ സഹായിക്കുന്ന ഉദ്ഗ്രഥിതരീതി പിന്തുടരണം. ഇത് വഴക്കമുള്ള രീതിയിലാകണം. ഒരു പ്രമേയത്തിന്റെ വിവിധ വശങ്ങൾ പരിശോധിക്കാനുള്ള അവസരം എന്ന നിലയിലാണ് ഉദ്ഗ്രഥനത്തെ കാണേണ്ടത്. എല്ലാ വിഷയങ്ങളും എപ്പോഴും നിർദിഷ്ടപ്രമേയങ്ങൾക്ക് വഴങ്ങിക്കൊള്ളണമെന്നില്ല. ഉദ്ഗ്രഥിതമായ ഉള്ളടക്കം കാഴ്ചപ്പാടുകൾ വികസിപ്പിക്കും, അറിവിനെ സമഗ്രമാക്കും ജ്ഞാനനിർമിതിയിൽ ജ്ഞാനാംശങ്ങളുടെ പരസ്പരബന്ധം ബലപ്പെടുത്തും. തന്നെയും തന്റെ ചുറ്റുപാടിനെയും കുറിച്ചാണ് കുട്ടി അറിയുന്നത്. ഈ നിലയ്ക്ക് മുൻകൂട്ടി തീരുമാനിച്ച പ്രമേയങ്ങളുടെ വളർച്ച ഉടനീളം വിഭാവനം ചെയ്യാൻ കഴിയണം. ഉദാഹരണത്തിന്, ആഹാരം-ഭക്ഷ്യവസ്തുക്കളുടെ ശേഖരണം, ഭക്ഷണശീലങ്ങൾ, ഭക്ഷ്യപദാർഥങ്ങൾ, ഭക്ഷ്യനിർമിതി, ഭക്ഷണവൈവിധ്യം, പോഷകാഹാരം, ഭക്ഷണവിതരണ സമ്പ്രദായം, ഭക്ഷണദൗർലഭ്യം, കുടുംബാംഗങ്ങളുടെ ഭക്ഷണം, സ്കൂൾ ഉച്ചഭക്ഷണപരിപാടി, ആഘോഷങ്ങൾ പിറന്നാളുകൾ, കല്യാണങ്ങൾ, സമൂഹസദ്യകൾ, ഭക്ഷണച്ചെലവുകൾ, ആഹാരപദാർഥങ്ങളുമായി ബന്ധപ്പെട്ട കടങ്കഥകൾ, കഥകൾ, വിവരണങ്ങൾ, നാട്ടറിവുകൾ, അളവുകൾ, രൂപങ്ങൾ, വാങ്ങലും വിൽക്കലും, സൂക്ഷിക്കൽ... വിവിധ വിഷയങ്ങളിലായി വിന്യസിക്കപ്പെടാനിടയുള്ളതും എന്നാൽ ഒരു പ്രമേയത്തിന്റെ പൊതുഘടനയിൽ നിലനിൽക്കുന്നതുമായ ഇത്തരം കാര്യങ്ങൾ പഠിക്കുകയാണ് കുട്ടി ചെയ്യേണ്ടത്. വിഷയങ്ങളെ അതിനുള്ള ഉപാധികളാക്കുക എന്ന സമീപനം സ്വീകരിക്കണം.

യു.പി.ക്ലാസുകളിൽ അടിസ്ഥാനശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹിന്ദി എന്നീ വിഷയങ്ങൾ കൂടുതലായി ഉൾപ്പെടുത്തണം. സാധ്യമായിടത്തൊക്കെ യു.പിയിലും ഉദ്ഗ്രഥനത്തിന്റെ സന്ദേശം ഉൾക്കൊള്ളണം. പിരമിഡ് പഠിപ്പിക്കുന്ന ചരിത്രാധ്യാപിക ഇത്തരം ഘനരൂപം പിരമിഡ് നിർമിതിക്ക് സ്വീകരിച്ചതിന്റെ സർഗാത്മകതയും ഗണിതബോധവും അവതരിപ്പിക്കണം. ഗണിത പാഠ്യപദ്ധതി ജീവിത സന്ദർഭങ്ങളോടും ഇതര വിഷയ പരിസരത്തോടും ഒട്ടി നിൽക്കുന്നതായിരിക്കും. താഴ്ന്ന ക്ലാസിൽ അഭ്യസിച്ച ഉദ്ഗ്രഥനരീതിയിൽ നിന്നു വ്യത്യസ്തമായി കുറച്ചുകൂടി സൂക്ഷ്മമായി കാര്യങ്ങളെ സമീപിക്കുകയാണിവിടെ ചെയ്യുന്നത്. അങ്ങനെ വരുമ്പോൾ വിഷയങ്ങളായി ഇഴപിരിയുമെങ്കിലും ബന്ധങ്ങൾ വ്യക്തമാക്കപ്പെടുന്ന പഠനാനുഭവങ്ങൾ ലഭിക്കണം.

- അപ്പർ പ്രൈമറിഘട്ടത്തിൽ മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നിവയ്ക്ക് ആഴ്ചയിൽ ഒരു മണിക്കൂർ ഉള്ള നാലു പിരിയഡ് വീതവും സാമൂഹ്യശാസ്ത്രം, അടിസ്ഥാനശാസ്ത്രം, ഹിന്ദി എന്നിവയ്ക്ക് മൂന്നു പിരിയഡ് വീതവും ഉണ്ടാകണം. കലാകായിക പ്രവൃത്ത്യാനുഭവ വിദ്യാഭ്യാസത്തിനു മൂന്നു മണിക്കൂർ ലഭിക്കണം. ഒരു മണിക്കൂർ കുട്ടികളുടെ സാംസ്കാരികപ്രവർത്തനം, ലൈബ്രറി പ്രവർത്തനം സർഗാത്മകപ്രവർത്തനങ്ങൾ എന്നിവയ്ക്കായി നീക്കിവെക്കണം.
- അറബി, ഉറുദു, സംസ്കൃതം തുടങ്ങിയ ഭാഷകൾ ഒന്നാംഭാഷയായി പഠിക്കുന്ന കുട്ടികൾക്ക് മലയാളപഠനത്തിന് പ്രത്യേക ഊന്നൽ നൽകി പാഠപുസ്തകം തയാറാക്കണം. കന്നഡ, തമിഴ് മാതൃഭാഷയായ കുട്ടിക്കും മലയാളം പഠിക്കാൻ അവസരമുണ്ടാകണം.

അപ്പർ പ്രൈമറിഘട്ടം കഴിയുമ്പോഴേക്കും താൻ ജീവിക്കുന്ന പ്രാദേശിക സമൂഹത്തെ വിശകലനം ചെയ്യുന്നതിനും മനസ്സിലാക്കുന്നതിനും കുട്ടിക്ക് കഴിഞ്ഞിരിക്കണം. ഭരണവ്യവസ്ഥ, ജനാധിപത്യ രീതികൾ, വിവിധതരം ബന്ധങ്ങൾ, നാട്ടറിവുകൾ, കൂട്ടായ്മകൾ, സാംസ്കാരിക പ്രവർത്തനങ്ങൾ, സേവന സംവിധാനങ്ങൾ, ഭൗതികപരിസരം, ഭൂപ്രത്യേകതകൾ, മണ്ണിനങ്ങൾ, കൃഷിരീതികൾ, തൊഴിൽപങ്കാളിത്തം, തൊഴിലുകൾ, സാമ്പത്തികമേഖല, വിഭവങ്ങൾ ചരിത്രപരമായ വളർച്ച, വികസനപ്രശ്നങ്ങൾ, ജൈവവൈവിധ്യം, സാമൂഹ്യസുരക്ഷാനടപടികൾ, പാർശ്വവത്കരിക്കപ്പെട്ടവരുടെ ജീവിതം, സമത്വത്തിനുവേണ്ടിയുള്ള ഇടപെടലുകൾ, വെല്ലുവിളികൾ തുടങ്ങിയവയൊക്കെ വിമർശനാത്മകതയോടെ സമീപിക്കാനുള്ള പ്രാഥമിക അനുഭവങ്ങൾ കുട്ടിക്ക് ലഭ്യമാക്കണം. കേരളത്തിന്റെയും ഇന്ത്യയുടെയും അവസ്ഥകളുമായി തട്ടിച്ചുനോക്കാനും ഇടം ഉണ്ടാകണം. ജ്ഞാനനിർമിതിയും സമൂഹനിർമിതിയും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാകണം പാഠ്യപദ്ധതി രൂപപ്പെടുത്തേണ്ടത്.

തന്റെ ചിന്തയും കണ്ടെത്തലും താൻ പരിചയപ്പെട്ട ഏതു ഭാഷയിലൂടെയും പങ്കുവയ്ക്കുന്നതിന് കഴിയുന്ന തരത്തിലേക്ക് ഭാഷാവൈദഗ്ധ്യം വികസിക്കണം. അപ്പർപ്രൈമറി തലത്തിൽ ആത്മവിശ്വാസവും സ്വത്വബോധവും നിർണായകമാണ്. സ്വയം കഴിവുള്ളവർ എന്ന് അഭിമാനിക്കാൻ കഴിയുംവിധം പ്രവർത്തനങ്ങളിൽ മുന്നിട്ടിറങ്ങാൻ തന്റെ ഭാഷാജ്ഞാനം (മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി, ഇതരഭാഷകൾ) കരുത്തേകണം.

പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഒരു ഘട്ടത്തിലും പഠനഭാരം ഉണ്ടാകാൻ പാടില്ല. ഉള്ളടക്കം വിവേചനപൂർവം തിരഞ്ഞെടുക്കണം. സമൂഹത്തിലെ സമ്മർദങ്ങളും കുട്ടിയുടെ പ്രായവും പ്രകൃതവും കഴിവും അനുഭവവും പരിഗണിച്ചാവണം ഉള്ളടക്കം തീരുമാനിക്കേണ്ടത്. ഈ ഘട്ടത്തിൽ പ്രസക്തമല്ലാത്തവ നിർബന്ധമായും ഉയർന്ന ഘട്ടങ്ങളിലേക്ക് മാറ്റിവയ്ക്കണം.

**പഠനസാമഗ്രികൾ**

പ്രവർത്തനാധിഷ്ഠിത പാഠ്യപദ്ധതി നിലവിൽ വന്നിട്ടും പാഠപുസ്തക കേന്ദ്രിതപഠനത്തിൽ നിന്നും മോചനം നേടാൻ പൂർണമായി കഴിഞ്ഞിട്ടില്ല എന്നത് ഒരു പാഠമായി സ്വീകരിക്കണം. പഠനസാമഗ്രികളെ സംബന്ധിച്ച യഥാസ്ഥിതിക നിലപാടുകൾ തുടർന്നുകൂടാ.

പാഠ്യപദ്ധതി വിനിമയത്തിന് സഹായകമായ ഏതു വസ്തുക്കളും സന്ദർഭങ്ങളും പഠനസാമഗ്രികളായി പരിഗണിക്കണം. അവയിൽ താനുൾപ്പെടുന്ന പ്രദേശത്തെ വിഭവങ്ങൾ (ജലാശയം, കുന്ന്, കൃഷിയിടങ്ങൾ) വിദ്യാലയത്തിനകത്തു തന്നെ ലഭ്യമായ വിഭവങ്ങൾ (ജനാലകളിലെ അഴികളുടെ വിന്യാസം, മൂലകൾ, കോണുകൾ, പാറ്റേണുകൾ, കുടിവെള്ളവിതരണം, സസ്യവൈവിധ്യം മുതലായവ), ആധികാരിക സാമഗ്രികൾ (പത്രം, നോട്ടീസ്, അറിയിപ്പ്, ബോർഡുകൾ, ഫോറങ്ങൾ, നെയിംസ്ലിപ്പുകൾ), ആധികാരികവും ഔപചാരികവുമായ സന്ദർഭങ്ങൾ (ഗ്രാമസഭ, ചന്ത, ഉത്സവങ്ങൾ, സമ്മേളനങ്ങൾ, ദിനാചരണങ്ങൾ), കൂട്ടായ്മയിലൂടെ ക്ലാസിനകത്തുണ്ടാകുന്ന ഉല്പന്നങ്ങൾ (പതിപ്പുകൾ, നിർമിതികൾ, പ്രദർശനസാമഗ്രികൾ, റിപ്പോർട്ടുകൾ, ഡോക്യുമെന്ററികൾ), അധ്യാപകർ മുൻകൂട്ടി തയാറാക്കിയവ (മോഡലുകൾ, ചിത്രക്കാർഡുകൾ, ആൽബം, സി.ഡികൾ, ചാർട്ടുകൾ, ശേഖരങ്ങൾ, സ്പെഷൽപതിപ്പുകൾ, നിർമിതികൾ മുതലായവ), കേന്ദ്രീകൃതമായി തയാറാക്കിയ സാമഗ്രികൾ (പാഠപുസ്തകം, വർക്ക്ഷീറ്റുകൾ, വിലയിരുത്തലിനുള്ള പ്രവർത്തനഷീറ്റുകൾ, പുസ്തകങ്ങൾ) തുടങ്ങിയവയെല്ലാം പഠനസാമഗ്രികളായി കണക്കാക്കണം. മൂർത്തമായ വസ്തുക്കൾ മാത്രമല്ല പഠനസാമഗ്രികൾ. സവിശേഷസന്ദർഭങ്ങൾ മൂർത്താനുഭവം പ്രദാനം ചെയ്യുന്നതിനാൽ പഠനസാമഗ്രികളുടെ പട്ടികയിൽ ഇവയെ ഉൾപ്പെടുത്തണം.

**പഠനാന്തരീക്ഷം**

- കുട്ടിയുടെ പ്രകൃതത്തെ പരിഗണിക്കുന്നത്
- അവകാശങ്ങളെ സംരക്ഷിക്കുന്നത്
- പഠനസമീപനത്തിന് യോജിച്ചത്
- ജനാധിപത്യ മതേതര മൂല്യങ്ങളെ പരിഗണിച്ചുള്ളത്.
- അവസരതുല്യത ഉറപ്പാക്കുന്നത്.
- കുട്ടികളെ ആകർഷിക്കുന്നത്
- പുറംവാതിൽ പഠനത്തിന് സാധ്യതയുള്ളത്.
- കളിയുപകരണങ്ങൾ ആവശ്യത്തിനുള്ളത്.
- പ്രീ-സ്കൂൾ അനുഭവങ്ങൾക്ക് തുടർച്ച ലഭിക്കുന്നത് (ഒന്നാം ക്ലാസ്)

*സ്കൂൾ പാഠ്യപദ്ധതിയിൽ ഒരു പ്രത്യേക തരം അറിവ്, അനുഭവം, ഉൾപ്പെടുത്തണോ ഒഴിവാക്കണോ എന്നതിനെക്കുറിച്ച് പ്രാദേശിക സമൂഹങ്ങൾക്കും ചോദ്യങ്ങളുണ്ടാകാം. അപ്പോൾ സ്കൂൾ പ്രാദേശിക സമൂഹങ്ങളുടെ വേവലാതികൾ കേൾക്കാൻ തയ്യാറാകണം. അത്തരം തീരുമാനങ്ങളെ വിദ്യാഭ്യാസ പരമായ മൂല്യങ്ങളെക്കുറിച്ച് അവരെ ബോധ്യപ്പെടുത്താനും തയ്യാറാകണം.അതിന് എന്തുകൊണ്ട് ചില അറിവുകൾ ഉൾപ്പെടുത്തി, എന്തുകൊണ്ട് മറ്റു ചിലവ ഉൾപ്പെടുത്തിയില്ല എന്ന് അദ്ധ്യാപകർക്ക് അറിവുണ്ടാകണം. സ്കൂളിൽ ഗൃഹ ഭാഷ ഉപയോഗിക്കാൻ കുട്ടികളെ അനുവദിക്കുക., ആൺകുട്ടികളെ പാടാനും നൃത്തമാടാനും അനുവദിക്കുക, ലൈംഗികത, പ്രത്യുൽപാദനം എന്നിവ പഠിപ്പിക്കുക, പ്രൈമറി സ്കൂളുകളിൽ കളിയിലൂടെ പഠിക്കുക എന്നീ നടപടികളുടെ സാധ്യത രക്ഷിതാക്കൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കാൻ അദ്ധ്യാപകർക്ക് കഴിയണം. തീരുമാനങ്ങൾ സംസ്ഥാന തലത്തിൽ എടുത്തതാണ് എന്നു പറഞ്ഞ് ഒഴിയാൻ പാടില്ല. നമ്മുടെ മതേതര വിദ്യാഭ്യാസത്തിൽ എല്ലാ വിഭാഗങ്ങളിലുംപെട്ട കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തണമെങ്കിൽ നാം വിദ്യാഭ്യാസത്തിൽ തൽപ്പരരായ മറ്റു പലരുമായി നമ്മുടെ പാഠ്യപദ്ധതി സമീപനങ്ങളെപ്പറ്റി ചർച്ച ചെയ്തേപറ്റൂ.*

*NCF - 2005*

- തമിഴ്, കന്നഡ മേഖലകളിൽ അവരുടെ മാതൃഭാഷ ഉപയോഗിച്ചുള്ള പഠനാന്തരീക്ഷം
- ആദിവാസി മേഖലകളിൽ ഒന്ന്, രണ്ട് ക്ലാസുകളിൽ അവരുടെ പ്രാദേശിക ഭാഷ ഉപയോഗിക്കുന്നതിനും തുടർന്ന് ഔപചാരിക ഭാഷാവസരങ്ങളും ലഭ്യമാക്കുന്ന പഠനാന്തരീക്ഷം

- ഭയരഹിതവും സൗഹൃദപൂർണവുമായ അന്തരീക്ഷം
- പൊതുധാരണയുടെ അടിസ്ഥാനത്തിൽ അധ്യാപകനും കുട്ടികൾക്കും പ്രവർത്തിക്കാനവസരം.
- സ്വതന്ത്രമായ ക്ലാസ് പ്രവർത്തനങ്ങൾക്ക് വഴങ്ങുന്ന ഇരിപ്പിടസൗകര്യം. വൃത്തിയുള്ള ക്ലാസ്മുറി.
- കാറ്റും വെളിച്ചവും ലഭിക്കുന്ന അടച്ചുറപ്പുള്ള ക്ലാസ്മുറി.
- ക്ലാസ് ലൈബ്രറി/ ലാബ്/ പരീക്ഷണമൂല/ കളിക്കോപ്പുമൂല സൗകര്യം
- ക്ലാസ് മുറിയിൽ കുടിവെള്ളലഭ്യത
- യഥേഷ്ടം ഉപയോഗിക്കാവുന്ന ബോർഡുകൾ
- TLM, ഫസ്റ്റ് എയ്ഡ് കിറ്റ്, കളി ഉപകരണങ്ങൾ എന്നിവയുണ്ടാകണം.
- വിവരസാങ്കേതികവിദ്യ ക്ലാസ് പ്രവർത്തനത്തിനും നിരന്തരമൂല്യനിർണയം രേഖപ്പെടുത്തുന്നതിനും CPTA യോഗങ്ങളിലും ഉപയോഗപ്പെടുത്തണം.
- കുട്ടികളുടെ നിർമിതികൾ, രചനകൾ എന്നിവ പ്രദർശിപ്പിക്കുന്നതിലൂടെ അവരെ പ്രോത്സാഹിപ്പിക്കുന്ന അന്തരീക്ഷം.

## പഠനരീതി

ജ്ഞാനനിർമിതിക്ക് പര്യാപ്തമായ പഠനരീതിയാണ് സ്വീകരിക്കേണ്ടത്. നേരിട്ടുള്ള അനുഭവങ്ങൾക്കാണ് ലോവർപ്രൈമറി തലത്തിൽ പ്രാമുഖ്യം ഉണ്ടാവേണ്ടത്. നേരനുഭവങ്ങൾ വിശകലനം ചെയ്ത് കണ്ടെത്തലുകളിലേക്ക് നയിക്കപ്പെടണം. യഥാർഥ അനുഭവ സാധ്യത ഉണ്ടാകുമ്പോൾ അവയെ ഉപേക്ഷിച്ച് വിവരണാധിഷ്ഠിതമായ രീതിക്കോ, സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ദൃശ്യതക്കോ തുനിയരുത്. പഞ്ചേന്ദ്രിയാനുഭവങ്ങൾക്ക് പ്രാധാന്യം നൽകുന്നതും കൂട്ടായ പ്രവർത്തനത്തിലൂടെ അറിയുന്നതിന്റെ ആനന്ദം അനുഭവിക്കുന്നതുമായ പഠനരീതിയിൽ അധ്യാപകരും പഠനകൂട്ടാളിയായി മാറണം. കളികളും നിർമാണപ്രവർത്തനങ്ങളും പഠനരീതിയും ഒപ്പം പഠനവുമാകണം. മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുന്നതിനിടയാക്കുന്നതാണ് ഓരോ പ്രവർത്തനസന്ദർഭവും. അതുകൊണ്ടുതന്നെ ലിംഗവിവേചനരഹിതമായ രീതിയിൽ എല്ലാവരുമായും ഇടപഴകാനും അംഗീകരിക്കപ്പെടാനും ഉതകുന്നതാവണം ചെറിയ ക്ലാസുകൾ മുതൽ എല്ലാവിധ പഠനരീതികളും. അന്വേഷണാത്മകപഠനത്തിൽ സ്വയം ഏർപ്പെടുന്ന കുട്ടിയുടെ കണ്ടെത്തലുകൾക്കൊപ്പം മുതിർന്നവരുടെ അനുഭവങ്ങളും നിരീക്ഷണങ്ങളും കുട്ടിത്തത്തോടെ കൂട്ടിച്ചേർക്കണം.

അപ്പർപ്രൈമറി ഘട്ടത്തിലെത്തുമ്പോൾ ദ്വിതീയ സ്രോതസ്സുകൾ കൂടുതലായി പ്രയോജനപ്പെടുത്തണം. ജനാധിപത്യാവബോധത്തിന്റെ എല്ലാ രീതികളും വിദ്യാലയത്തിലെ സമസ്ത പ്രവർത്തനങ്ങളിലും പ്രതിഫലിക്കണം. ക്ലാസ്തല ബാലസഭകൾ ഉണ്ടാവണം. ഒരു നേതാവിലേക്ക് (ലീഡർ) കേന്ദ്രീകരിക്കുന്നതിനുപകരം കൂട്ടുനേതൃത്വത്തിന്റെ സാധ്യതകൾ ആരായണം. കൂട്ടായ്മയിലധിഷ്ഠിതമായ പഠനരീതി പ്രത്യേകപരിഗണന അർഹിക്കുന്ന വിദ്യാർഥികൾക്ക് ആത്മവിശ്വാസം നൽകും. സാമൂഹ്യപ്രശ്നങ്ങളുമായി പൊരുത്തപ്പെടുത്തിയും സംവദിച്ചും ജ്ഞാനചക്രവാളവും സാമൂഹിക നൈപുണികളും വളരുന്നതിന് വഴിയൊരുക്കണം. തിന്മകളും അസമത്വങ്ങളും എന്തുകൊണ്ടുണ്ടാകുന്നു എന്ന് ചോദ്യം ചെയ്യുന്നതിനുള്ള അർഹതയും അംഗീകരിക്കപ്പെടണം. വിമർശനാത്മകബോധനത്തിലധിഷ്ഠിതമായ രീതികളിലൂടെ പഠിതാവ്

കടന്നുപോകണം. ഒരേ പഠനാംശത്തെ അവതരിപ്പിക്കുന്നതിലുള്ള വൈവിധ്യവത്കരണം നിർണായകമാണ്. പഠനശൈലി കണക്കിലെടുത്ത് അധ്യയനം മാറുമ്പോൾ അത് പഠനത്തെ ഫലപ്രദമാക്കുക മാത്രമല്ല ആവിഷ്ക്കാരത്തിന്റെ സാധ്യതകൾ തിരിച്ചറിയുന്നതിനുള്ള പാഠങ്ങൾ കൂടിയായിമാറ്റാം. അമൂർത്തചിന്തനം ആവശ്യപ്പെടുന്നതും സർഗാത്മകപ്രവർത്തനങ്ങൾക്ക് എല്ലാ പഠനമേഖലകളിലും ഇടം അനുവദിക്കുന്നതുമായ പഠനരീതി അനുവദിക്കുന്നതാണ് പാഠ്യപദ്ധതി.

## സെക്കൻഡറി

സെക്കൻഡറി എന്നതുകൊണ്ട് വിവക്ഷിക്കുന്നത് 8 മുതൽ 10 വരെയുള്ള ക്ലാസുകളാണ്. പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാകുന്ന മുഴുവൻ വിദ്യാർഥികളെയും സെക്കൻഡറി സ്കൂളുകളിൽ പ്രവേശിപ്പിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ആഗ്രഹിക്കുന്ന എല്ലാവർക്കും ഹയർസെക്കൻഡറിപഠനം നടത്താനും ഇവിടെ സാധ്യമാണ്.

കൗമാരപ്രായത്തിലുള്ള വിദ്യാർഥികളാണ് സെക്കൻഡറി-ഹയർ സെക്കൻഡറി ക്ലാസുകളിൽ പഠിക്കുന്നത്. അവരുടെ മാനസികവും വൈകാരികവും ശാരീരികവുമായ സവിശേഷതകൾ പാഠ്യപദ്ധതി രൂപീകരണത്തിൽ പരിഗണിക്കേണ്ടതുണ്ട്.

- ശാരീരികാവബോധം
- ഉയർന്ന ഭാവന
- നേതൃത്വപരമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനുള്ള സന്നദ്ധത
- സംഘംചേരുന്നതിനും സഹകരിച്ചു പ്രവർത്തിക്കുന്നതിനുമുള്ള താൽപര്യം
- ആദർശപരത
- വ്യക്തിത്വം സ്ഥാപിക്കുന്നതിനുള്ള പ്രവണത
- ലിംഗാവബോധം
- പ്രതികൂല പ്രതികരണങ്ങളിൽ ഉൾവലിയുകയും നിരാശപ്പെടുകയും ചെയ്യുന്ന പ്രവണത
- അമൂർത്താശയങ്ങൾ ഉൾക്കൊള്ളാനും അമൂർത്തചിന്തകളിൽ ഏർപ്പെടാനുമുള്ള ശേഷി
- സാഹസികത

*വിവിധ വിജ്ഞാനശാഖകളെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ സൃഷ്ടിക്കാനും ഓരോന്നിലും ലഭ്യമായിട്ടുള്ള സാധ്യതകൾ അവർക്ക് പരിചയപ്പെടുത്താനും പൊതുവായി ലക്ഷ്യമിടുന്നു. അത്തരത്തിലുള്ള ഒരു പ്രവർത്തനത്തിലൂടെ കുട്ടികൾ അവരുടെ സ്വന്തം താല്പര്യങ്ങളെയും കഴിവുകളെയും തിരിച്ചറിയുകയും, ഭാവിയിൽ സ്വീകരിക്കേണ്ട തൊഴിലും അതുസംബന്ധമായ പഠനവും നടത്താൻ സഹായകമായ കോഴ്സിനെക്കുറിച്ച് ആശയരൂപീകരണം നടത്തുകയും ചെയ്യുന്നു. പരിശീലനം ലഭിച്ച അധ്യാപകരുടെയും പ്രൊഫഷണൽ കൗൺസിലർമാരുടെയും സഹായത്തോടെ, ക്രമീകൃത സ്വഭാവമുള്ള ഗൈഡൻസ്-കൗൺസിലിങ് ഇടപെടലുകളിലൂടെ ഈ ആവശ്യങ്ങൾ ഏറ്റവും ഫലപ്രദമായി തൃപ്തിപ്പെടുത്താം. വലിയൊരു വിഭാഗം വിദ്യാർഥികളെ സംബന്ധിച്ചിടത്തോളം പഠിത്തം നിറുത്തുകയും തൊഴിൽ ചെയ്യാനുള്ള വൈദഗ്ധ്യം വികസിപ്പിക്കാൻ തുടങ്ങുകയും ചെയ്യുന്ന ഒരു ഘട്ടം കൂടിയാണിത്. വിദ്യാഭ്യാസ പ്രവർത്തനം സെക്കൻഡറിതലത്തിൽ സാർവത്രികമാക്കാൻ ശ്രമം നടന്നുകൊണ്ടിരിക്കുമ്പോൾ സാമൂഹ്യ-സാമ്പത്തിക ചുറ്റുപാടുകളുടെ സമ്മർദം മൂലം സ്കൂൾ വിടാൻ നിർബന്ധിതരാകുന്ന ഒരു വലിയ വിഭാഗം കുട്ടികളെ സംബന്ധിച്ചിടത്തോളം തൊഴിൽ ചെയ്യാനാവശ്യമായ ക്രിയാത്മകമായ വൈദഗ്ധ്യങ്ങളുടെ പഠനത്തിനും വികസനത്തിനും അവസരം ലഭിക്കേണ്ടതായുണ്ട്. ഗ്രന്ഥശാലകളിലേക്കുള്ള പ്രവേശനവും, പരീക്ഷണശാലകളിൽ ലഭിക്കേണ്ട പ്രായോഗിക പരിചയവും അത്യാവശ്യമാണ്. അതിനാൽ എല്ലാ കുട്ടികൾക്കും അത്തരത്തിലുള്ള സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് ശക്തമായ ശ്രമം ഉണ്ടാകണം.*

*NCF - 2005*

കേരളത്തിലെ സെക്കൻഡറിസ്കൂൾ വിദ്യാഭ്യാസത്തിന്റെ ആദ്യ ഘട്ടം 8 മുതൽ 10 വരെ ക്ലാസുകൾ ഉൾക്കൊള്ളുന്നു. നിലവിൽ 8-ാം ക്ലാസ്, വിഷയങ്ങളുടെ ആഴത്തിലുള്ള പഠനത്തിന് പീഠികയായി നിൽക്കുന്നു. ഈ ഘട്ടത്തിൽ പ്രവർത്തനാധിഷ്ഠിത പാഠ്യപദ്ധതി കുറെക്കൂടി ആശയതലത്തിലേക്ക് മാറ്റുന്നു. സമൂഹത്തിലെ

വൈരുധ്യങ്ങൾ തിരിച്ചറിയാനും, അന്വേഷിക്കാനും കുട്ടി ബോധപൂർവം ശ്രമിക്കുന്ന ഒരു ഘട്ടം കൂടിയാണിത്. വ്യത്യസ്ത ആശയങ്ങളും സിദ്ധാന്തങ്ങളും കുട്ടികൾ ഉൾക്കൊള്ളാൻ ശ്രമിക്കുന്നതും ഈ ഘട്ടത്തിലാണ്. 8-ാം ക്ലാസിൽ നിലവിലുള്ള മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി എന്നിവയുടെ പഠനവും സയൻസ്, സാമൂഹ്യശാസ്ത്രം, ഗണിതശാസ്ത്രം എന്നീ കോർ വിഷയങ്ങളുടെ പഠനവും അതേപടി തടരുന്നതാണ്. ഇത് ഏഴാം ക്ലാസിന്റെ സ്വാഭാവികമായ തുടർച്ചയാകണം. 8-ാം ക്ലാസിന്റെ അവസാനം കുട്ടികളുടെ അഭിരുചികളും കഴിവുകളും നിർണയിക്കണം. ഇത് നിരന്തരമൂല്യനിർണയത്തിന്റെയും മറ്റ് വിലയിരുത്തലുകളുടെയും അടിസ്ഥാനത്തിലാകാം.

9-ാം ക്ലാസു മുതൽ കോർവിഷയങ്ങൾ രണ്ടു രീതിയിൽ കുട്ടികൾക്ക് പഠിക്കാൻ അവസരം കൊടുക്കാവുന്നതാണ്. വിവിധ വിഷയങ്ങളുടെ അടിത്തറ ഉറപ്പിക്കുന്ന സാമാന്യ പഠനം എന്ന നിലയിൽ ഓ-ലെവൽ പഠനവും അധിക താല്പര്യമുള്ള വിഷയങ്ങളിൽ ആഴത്തിലുള്ള പഠനം എന്ന നിലയിൽ എ-ലെവൽ പഠനവും നിർവഹിക്കാൻ അവസരം നൽകണം. 3 ഭാഷകളും, 3 കോർവിഷയങ്ങളും നിർബന്ധിതമായ പഠനവിഷയമാകും. 9, 10 ക്ലാസുകളിൽ ഇതോടൊപ്പം ഒരു വിഷയം ഐച്ഛികമായി തിരഞ്ഞെടുക്കാനുള്ള അവസരം നൽകാം. ശാസ്ത്രം, മാനവിക വിഷയങ്ങൾ, ഗണിതം, കലാ വിഷയം, കായിക ഇനം തുടങ്ങിയവയിൽ ഒന്ന് ഇതിനായി തിരഞ്ഞെടുക്കാവുന്നതാണ്. ഇത്തരത്തിൽ സ്വതന്ത്രമായ വിഷയസമുച്ചയം തിരഞ്ഞെടുക്കാൻ അവസരം നൽകുമ്പോൾ 8-ാം ക്ലാസിൽത്തന്നെ ഇവയുടെ സാധ്യതകളും പരിമിതികളും കുട്ടികൾക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഇതിനുള്ള അവസരം കരിയർ ഗൈഡൻസിലൂടെ 9-ാം ക്ലാസിലെ പാഠ്യപദ്ധതിയിൽ ഉൾച്ചേർക്കണം.

5 ദിവസങ്ങളിലായി 1 മണിക്കൂർ ദൈർഘ്യമുള്ള 5 പീരിയഡുകൾ എന്ന നിലയിൽ ആകെ 25 മണിക്കൂർ ഒരു ആഴ്ചയിൽ പഠനസമയമായിരിക്കും. മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി, കോർ വിഷയങ്ങൾ എന്നിവയുടെ പഠനത്തിനും തൊഴിൽ പരിശീലനം, കായിക, കലാപ്രവർത്തനങ്ങൾ, ലൈബ്രറി - സാഹിത്യപ്രവർത്തനങ്ങൾ എന്നിവയ്ക്കും ഈ സമയം ഉപയോഗിക്കണം.

9, 10 ക്ലാസിൽ എല്ലാ കുട്ടികൾക്കും കോർ വിഷയങ്ങളിലെ പഠനാനുഭവങ്ങൾ തുല്യമായി ലഭ്യമാക്കും. എന്നാൽ 10-ാം ക്ലാസ് പരീക്ഷയിൽ 3 ഭാഷപേപ്പറുകളുടെയും, 3 കോർവിഷയങ്ങളുടെ ഒ-ലെവൽ പേപ്പറുകളുടെയും ഗ്രേഡുകൾ മാത്രമാണ് അടിസ്ഥാന യോഗ്യത. ഹയർസെക്കൻഡറി പ്രവേശനത്തിന് എ ലെവൽ വിഷയങ്ങളിലെ ഗ്രേഡുകൾ പരിഗണിച്ച് മുൻഗണന നൽകും. ഹയർസെക്കൻഡറിയിലെ വിഷയഗ്രൂപ്പ് നിർണയിക്കാൻ ഓപ്ഷനലായി എടുത്ത വിഷയങ്ങളിലെ ഗ്രേഡുകൾ പരിഗണിച്ച് മുൻഗണന നൽകും. ഓപ്ഷണൽ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ രണ്ടു വർഷംകൊണ്ട് (9, 10 ക്ലാസിലെ പഠനത്തിലൂടെ) ആഴത്തിലുള്ള പഠനം/ധാരണ കുട്ടി നേടുകയും ഇത് സൂചിപ്പിക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് നേടുകയും വേണം.

ഉദാഹരണമായി ഹയർസെക്കൻഡറിയിൽ കോമെഴ്സ് കോമ്പിനേഷന് ചേരാൻ മുൻഗണന നൽകുന്നത് 10 ൽ മാത്സ് 'എ ലെവൽ' ഓപ്ഷനെടുത്ത കുട്ടികൾക്കും സയൻസ് ഓപ്ഷന് മുൻഗണന സയൻസ് 'എ ലെവൽ' ഓപ്ഷനായി എടുത്തവർക്കും തൊഴിൽ കോമ്പിനേഷൻ തൊഴിൽ ഓപ്ഷനെടുത്തവർക്കും ആയിരിക്കും.

സെക്കൻഡറി ഘട്ടത്തിന്റെ പഠനത്തിലൂടെ ഗണിതശാസ്ത്രത്തിന്റെയും ശാസ്ത്രത്തിന്റെയും സാമൂഹ്യശാസ്ത്രത്തിന്റെയും വിവിധ മേഖലകളിൽ ആഴത്തിലുള്ള അറിവു നേടുകയും ഈ വിഷയങ്ങളുടെ പഠനരീതികൾ സ്വായത്തമാക്കുകയും വേണം. അതോടൊപ്പം നേടുന്ന അറിവുകൾ നിത്യജീവിതത്തിൽ ഉപയോഗിക്കാനും സാമൂഹിക ജീവിതത്തിന് നേരിട്ട് ഉപകരിക്കുന്ന ഒരു തൊഴിൽ പരിശീലിക്കാനും അവസരം ലഭിക്കണം. അഭിരുചിക്കനുസരിച്ചുള്ള തുടർപഠനത്തിനു സഹായകമാകണം.

# ഹയർസെക്കൻഡറി

പൊതുവിദ്യാഭ്യാസം പൂർത്തിയാക്കുന്ന തലം എന്ന നിലയിലാണ് ഹയർസെക്കൻഡറി വിദ്യാഭ്യാസത്തെ കാണേണ്ടത്. ഉപരിപഠനത്തിന് താല്പര്യമുള്ളവർക്ക് അതിനും തൊഴിൽ സ്വീകരിക്കാനാഗ്രഹിക്കുന്നവർക്ക് അതിനും പശ്ചാത്തലം ഒരുക്കുംവിധം ഈ ഘട്ടത്തിലെ വിദ്യാഭ്യാസം വൈവിധ്യവത്കരിക്കണം. ഹയർ സെക്കൻഡറിയിൽ സാമ്പ്രദായികമായ പഠനം കഴിഞ്ഞ് അവിദഗ്ധ തൊഴിലാളികളായും തൊഴിൽരഹിതരായും ഒരു വിഭാഗം മാറ്റിനിർത്തപ്പെടുന്ന അവസ്ഥ ഗുണകരമല്ല. സാമ്പത്തികവും സാമൂഹികവുമായ കാരണങ്ങളാൽ ഉപരിപഠനം നിഷേധിക്കപ്പെടുന്ന അവസ്ഥയും അഭികാമ്യമല്ല. പൊതുവിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് നേരിട്ട് തൊഴിൽമേഖലയിൽ കടന്നുവരാൻ കഴിവുള്ളവരാകണം. ഉപരിപഠനത്തിന് താല്പര്യമുള്ള കുട്ടികൾക്ക് അതിനുള്ള അവസരം നിഷേധിക്കുകയും അരുത്. തൊഴിൽ ചെയ്തുകൊണ്ട് ഉപരിപഠനം നടത്താനും ഒരു ഘട്ടം വരെ തൊഴിൽ ചെയ്ത ശേഷം ഉപരിപഠനത്തിന് പോകാനും നമ്മുടെ കുട്ടികൾക്ക് കഴിയണം. ഇതിന് ഇന്നുള്ള ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി വിഭജനത്തിനു പകരം തൊഴിലധിഷ്ഠിതവും എന്നാൽ അക്കാദമികപിൻബലമുള്ളതുമായ വിഷയസമുച്ചയങ്ങൾ (കോമ്പിനേഷൻസ്) തിരഞ്ഞെടുക്കാനുള്ള അവസരവും സ്വാതന്ത്ര്യവും ലഭ്യമാക്കുന്നതാകണം ഹയർസെക്കൻഡറി പഠനസാധ്യത.

സെക്കൻഡറി ക്ലാസുകളിൽ തന്നെ തങ്ങളുടെ അഭിരുചിക്കനുസൃതമായി ഓപ്ഷനുകൾ തിരഞ്ഞെടുത്തവരാണ് ഹയർസെക്കൻഡറിയിൽ വരുന്നത്. ഹയർസെക്കൻഡറി പാഠ്യപദ്ധതിയിൽ എത്ര ഭാഷകൾ പഠിക്കണം എന്ന കാര്യം ഗൗരവമായി ചർച്ചചെയ്യേണ്ടതുണ്ട്. ഐച്ഛിക വിഷയങ്ങളുടെ ആഴത്തിലുള്ള പഠനത്തിന് കൂടുതൽ സമയം ലഭിക്കാൻ സഹായകമായവിധം ഇംഗ്ലീഷ്/മാതൃഭാഷ/ഇതരഭാഷകളിലൊന്ന് ഇവയിലേതെങ്കിലും ഒന്ന് തിരഞ്ഞെടുക്കാൻ കുട്ടികൾക്ക് അവസരം നൽകും. സംസ്കാരം എന്ന വിഷയസമുച്ചയത്തിലുൾപ്പെടുത്തിയും ഭാഷകൾ പഠിക്കാം. കൂടാതെ കുട്ടിക്ക് വേണമെങ്കിൽ 4-ാമത്തെ ഐച്ഛികമായി ഒരു ഭാഷകൂടി തിരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ ഇതിനൊക്കെപ്പുറമെ നിലവിലുള്ളതുപോലെ രണ്ടു ഭാഷകൾ പഠിക്കുന്നതിനെ സംബന്ധിച്ചും ചർച്ചചെയ്യേണ്ടതുണ്ട്.

താഴെ പറയുന്നവ മുഖ്യ കോർവിഷയസമുച്ചയങ്ങളായി പരിഗണിക്കാവുന്നതാണ്.

1. സയൻസ് - ഗണിതം/ബയോളജി, ഫിസിക്സ്, കെമിസ്ട്രി
2. സോഷ്യൽ സയൻസ് - ചരിത്രം, രാഷ്ട്രതന്ത്രം, ഭൂമിശാസ്ത്രം,
3. വാണിജ്യശാസ്ത്രം - അക്കൗണ്ടൻസി, സാമ്പത്തികശാസ്ത്രം, ബിസിനസ്സ് മാനേജ്മെന്റ്
4. സംസ്കാരം-കേരള സംസ്കാരം/ ഭാരതീയ സംസ്ക്കാരം, ഒരു ഭാഷ, സംഗീതം/കല
5. തൊഴിൽ വൈദഗ്ധ്യം - തിരഞ്ഞെടുത്ത തൊഴിലിന്റെ തിയറി, പ്രാക്ടിക്കൽ/ മാർക്കറ്റിങ്, കമ്പ്യൂട്ടർ പരിചയം.

(ഒരു തൊഴിലിൽ - ഉൽപാദന/സേവന മേഖലയിലെ - വൈദഗ്ധ്യം നേടാൻവേണ്ട പഠന വിഷയമായിരിക്കും ഉണ്ടായിരിക്കുക. പ്രദേശിക പ്രത്യേകതകൾ, പ്രായോഗിക പരിചയത്തിനുള്ള തൊഴിൽസ്ഥാപനലഭ്യത, ഇവ പരിഗണിച്ചാവും തൊഴിലുകൾ ഉൾപ്പെടുത്തുക).

ജിയോളജി, സ്റ്റാറ്റിസ്റ്റിക്സ്, ഇസ്‌ലാമിക് ഹിസ്റ്ററി, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ജേർണലിസം, സൈക്കോളജി, കമ്പ്യൂട്ടർ സയൻസ് , കമ്പ്യൂട്ടറൈസ്ട് അക്കൗണ്ടിങ്, കോ-ഓപ്പറേഷൻ, ഗാന്ധിയൻ സ്റ്റഡീസ്, സോഷ്യൽവർക്ക്, ഇന്ത്യൻ കൾച്ചർ, നരവംശശാസ്ത്രം, സോഷ്യോളജി, ഇംഗ്ലീഷ്, മലയാളം, സംസ്കൃതം, ഹിന്ദി, അറബി, ഉറുദു, തമിഴ്, കന്നഡ, ഫിലോസഫി, ഹോംസയൻസ്, ഇതര ഭാഷകൾ, തൊഴിൽവിദ്യാഭ്യാസം, ഇതര കോർവിഷയങ്ങൾ തുടങ്ങിയവയിൽ ഒന്ന് നാലാമത്തെ വിഷയമായി തിരഞ്ഞെടുക്കാം.

മുകളിൽ കൊടുത്ത വിഷയസമുച്ചയങ്ങളിലെ 3 വിഷയങ്ങൾ നിർബന്ധിതമാണ്. താഴെ ബ്രാക്കറ്റിൽ നൽകിയിട്ടുള്ള വിഷയങ്ങളിൽ നിന്ന് വിഷയസമുച്ചയ വ്യത്യാസമില്ലാതെ ഏതു കുട്ടിക്കും ഒരു വിഷയം (സബ്ജക്റ്റ്) കൂടി സ്വതന്ത്രമായി തിരഞ്ഞെടുക്കാം. ഉദാഹരണമായി, സയൻസ് കോമ്പിനേഷനിലെ കുട്ടിക്ക് കമ്പ്യൂട്ടർ ആപ്ലിക്കേഷനും, തൊഴിൽ ഗ്രൂപ്പിലെ കുട്ടിക്ക് ഹിന്ദിയോ അറബിയോ ഫ്രഞ്ചോ, സൈക്കോളജിയോ എന്നിങ്ങനെ ആകെ 5 വിഷയങ്ങൾ ഓരോ കുട്ടിയും പഠിക്കണം. ഓരോ വിഷയത്തിനും 16 മണിക്കൂർ. 5 പ്രവൃത്തി ദിവസത്തിലായി 30 മണിക്കൂർ ഈ വിഷയങ്ങളിലെ പഠനപ്രവർത്തനങ്ങൾ നടത്തണം. 6-ാം പ്രവൃത്തിദിവസം കുട്ടികൾ സ്വതന്ത്രമായി നടത്തുന്ന പഠനമാണ്. ഇതിന് സ്കൂളിൽ തന്നെ അവസരം നൽകണമെന്നില്ല. ഇതിന് തൊഴിൽ വിഷയങ്ങളിൽ നിന്ന് ഒരു വിഷയമോ, സംസ്കാരം ഗ്രൂപ്പിൽ നിന്ന് ചിത്രംവര, സംഗീതം, ഏതെങ്കിലും നൃത്തകലകൾ, ഒരു വാദ്യ ഇനം, കായിക ഇനം എന്നിവയോ തിരഞ്ഞെടുക്കാം. തന്റെ ബ്ലോക്കിലെ അംഗീകരിക്കപ്പെട്ട ഏതെങ്കിലും തൊഴിൽ കേന്ദ്രത്തിലോ, പ്രാദേശിക ഗുരുക്കന്മാരുടെ കീഴിലോ സ്വതന്ത്രമായി പഠിക്കാം. 2 വർഷംകൊണ്ട് ഇതിൽ വൈദഗ്ധ്യം നേടിയെന്ന ഒരു സർട്ടിഫിക്കറ്റും പ്രകടനശേഷിയും ലഭ്യമാക്കുന്നതായിരിക്കും പാഠ്യപദ്ധതി. ഇത് എല്ലാ വിദ്യാർഥികൾക്കും നിർബന്ധിതമാണ്.

എല്ലാ വിദ്യാർഥികളും ഈ പഠനകാലയളവിൽ ഒരു അപ്രന്റീസ്

*തങ്ങളുടെ താൽപര്യങ്ങളെയും ഭാവിജീവിതത്തെയും ബന്ധപ്പെടുത്തി വൈവിധ്യമാർന്ന വിജ്ഞാനശാഖകളിലേക്ക് ആഴ്ന്നിറങ്ങാനും കാര്യങ്ങൾ ഗ്രഹിക്കാനും കഴിയുന്ന ഐച്ഛിക വിഷയങ്ങൾ തിരഞ്ഞെടുക്കാനുള്ള സാധ്യത നിലനിൽക്കുന്നതാണ് ഈ ഘട്ടം. പുതിയ വിജ്ഞാനശാഖകൾ തേടിപ്പിടിക്കാനും വിവിധ വിജ്ഞാനശാഖകളുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വിവിധ പ്രശ്നങ്ങളോടും വസ്തുതകളോടും സമീപിക്കുവാനും ഉള്ള സാധ്യതകൾ കൂടുതലാണ്. പഠനത്തിനുവേണ്ടി തിരഞ്ഞെടുക്കുന്ന വിഷയങ്ങൾ തമ്മിലും അവയ്ക്കുപുറമെയും അത്തരം അന്വേഷണങ്ങൾ നടത്തേണ്ടതാവശ്യമാണ്.*

*പല പഠനബോർഡുകളും നിർബന്ധിത ഭാഷാപഠന കോഴ്സുകൾക്ക് പുറമേ വൈവിധ്യമാർന്ന പഠനവിഷയങ്ങൾ മുന്നോട്ടുവെക്കുന്നുണ്ട്. വിദ്യാർഥികൾക്ക് വിശാലമായ തിരഞ്ഞെടുപ്പുനടത്താൻ കഴിയാത്ത തരത്തിലുള്ള ഔപചാരികങ്ങളും അനൗപചാരികങ്ങളുമായ നിബന്ധനകളെക്കുറിച്ച് പരക്കെ ഉൽക്കണ്ഠ ഉയർന്നിട്ടുണ്ട്. സയൻസ് സ്ട്രീം, ആർട്സ് സ്ട്രീം, കോമേഴ്സ് സ്ട്രീം എന്ന തരത്തിൽ പല ബോർഡുകളും അതിർത്തികൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിദ്യാർഥികൾക്ക് തിരഞ്ഞെടുപ്പുനടത്താൻ കഴിയുന്ന ചേരുവകളിൽ സി.ബി.എസ്.സി. ഒരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ചില പഠനവിഷയങ്ങളുടെ ചേരുവക്കുള്ള ജനസമ്മതി പരിഗണിച്ചുകൊണ്ടും വിവിധ വിഷയങ്ങളുടെ വ്യത്യസ്ത പദവിയെക്കുറിച്ചുള്ള ധാരണയിലുള്ള വ്യത്യാസം കൊണ്ടും മുമ്പുണ്ടായിരുന്ന പല ഐച്ഛികങ്ങളും ഇന്നും വിദ്യാർഥികൾക്ക് നിഷേധിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ പ്ലസ് ടു സ്റ്റേജിൽ വിദ്യാർഥി പഠിച്ച വിഷയഗ്രൂപ്പുകളുടെയും തരങ്ങളുടെയും ഒക്കെ അടിസ്ഥാനത്തിൽ സർവകലാശാലാ പ്രവേശനം പലതരത്തിൽ നിയന്ത്രിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ സർവകലാശാലകൾ ഇന്ന് പ്രവേശനത്തിന് ഏർപ്പെടുത്തിയിരിക്കുന്ന മാനദണ്ഡങ്ങളും പുനപ്പരിശോധിക്കേണ്ടതുണ്ട്. ഇന്ന് ഈ നിയന്ത്രണത്തിന്റെ പേരിൽ ഭൗതികം, ഗണിതം, ഫിലോസഫി എന്നോ ലിറ്ററേച്ചർ, ബയോളജി, ഹിസ്റ്ററി എന്നോ ഉള്ള വിഷയചേരുവകൾ പലതും വിദ്യാർഥികൾക്ക് ലഭ്യമല്ല.*

*എഞ്ചിനീയറിങ്, മെഡിസിൻ എന്നീ കോഴ്സുകളെ ലക്ഷ്യമാക്കി സ്കൂളിൽ ക്ലാസ്സുകൾ നിശ്ചയിക്കുമ്പോൾ ജനപ്രീതിയുടെയും ടൈംടേബിളിന്റെയും അടിസ്ഥാനത്തിലാണെന്ന വാദത്തിന്മേലാണെന്നു തോന്നുന്നു, കൃത്രിമമായി ചില നിയന്ത്രണങ്ങളിലേക്കെത്തുന്നു എന്നത് വർത്തമാനകാല പ്രവണതയായി കാണുന്നു. രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ ആർട്സോ സ്വതന്ത്ര വിഷയങ്ങളോ പഠിക്കണമെന്നാഗ്രഹിക്കുന്ന കുട്ടികൾക്ക് അതിനുള്ള സന്ദർഭം വളരെ പരിമിതമായിരിക്കുന്നു. ടൈംടേബിളുമായുള്ള പ്രശ്നങ്ങൾ പരിഗണിച്ചുകൊണ്ട് പലപ്പോഴും സ്കൂൾ സാധാരണയിൽ നിന്നു വ്യത്യസ്തമായ വിഷയങ്ങൾ തിരഞ്ഞെടുക്കുന്നതിൽ നിന്നും കുട്ടികളെ നിരുത്സാഹപ്പെടുത്തുന്നു. എല്ലാത്തരം വിഷയങ്ങളും തിരഞ്ഞെടുക്കാനുള്ള തുറന്ന സന്ദർഭം വിദ്യാർഥികൾക്ക് നൽകേണ്ടതാവശ്യമാണെന്നാണ് ഞങ്ങളുടെ വിശ്വാസം. ഒരു പ്രത്യേക വിഷയഗ്രൂപ്പു പഠിക്കുവാൻ ഒരു സ്കൂളിൽ ആവശ്യമുള്ളത്ര വിദ്യാർഥികൾ ഇല്ലെങ്കിൽ അയൽപക്കത്തുള്ള മറ്റു സ്കൂളുകളുമായി കൂട്ടുചേർന്ന് ഒരധ്യാപകന്റെ സേവനം വിനിയോഗിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. അത്തരത്തിൽ ഉപയോഗിക്കപ്പെടുന്ന അധ്യാപകരുടെ സേവനം അത്തരം പ്രത്യേക വിഷയങ്ങൾ പഠിപ്പിക്കുവാൻ ബ്ലോക്കുതലത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്. ഇങ്ങനെ വിവിധ വിഷയങ്ങളുടെയും പുതിയ പഠനധാരകളുടെയും പ്രോത്സാഹനം സ്കൂൾ ബോർഡുകൾ പരിഗണിച്ചുകൊണ്ട് കുറെക്കൂടി ഫലപ്രദമായി പ്രവർത്തിക്കേണ്ടതാണ്.*

***NCF - 2005***

രീതിയിൽ തൊഴിൽമേഖലാ അനുഭവം നേടുക എന്നതാണ് ലക്ഷ്യം. ഇതിന് ബ്ലോക്ക് തലത്തിൽ വ്യത്യസ്ത തൊഴിലുകൾ ക്ലസ്റ്ററുകളാക്കി, പരിശീലനകേന്ദ്രങ്ങൾ/ സെന്ററുകൾ എന്നിവയെ അംഗീകൃത തൊഴിൽ പരിശീലന കേന്ദ്രങ്ങളായി പരിഗണിക്കും. ഡ്രാഫ്റ്റ്സ്മാൻ, കൃഷി (ടിഷ്യൂ കൾച്ചർ ഉൾപ്പെടെ), ഡയറി, ഹോർട്ടിക്കൾച്ചർ, പ്ലംബിങ്, ഫിഷറിസ്, ആർക്കിടെക്ച്ചർ, ഇലക്ട്രിഷ്യൻ, ആട്ടോമൊബൈൽ, മെക്കാനിക്കൽ, കമ്പ്യൂട്ടർ ഹാർഡ് വെയർ, ഇലക്ട്രോണിക്സ് ആന്റ് മൊബൈൽ റിപ്പയറിങ്, ലാബറട്ടറി ടെക്നീഷ്യൻ, കമ്മ്യൂണിറ്റി വർക്ക്, കാർപെന്ററി, ഹോട്ടൽ മാനേജ്മെന്റ്, കാറ്ററിങ്, കുക്കിങ്, മേസൺ, സ്കൾപ്ച്ചർ തുടങ്ങി വിവിധ തൊഴിലുകൾ, തൊഴിൽ കേന്ദ്രങ്ങളിൽ ജോലി ചെയ്ത് വൈദഗ്ധ്യം നേടുന്നതിന് കഴിയുന്നവിധത്തിൽ ക്രമീകരിക്കണം.

ഹയർസെക്കൻഡറിയിലെ പഠനം പൂർത്തിയാക്കുന്ന സർട്ടിഫിക്കറ്റിൽ ഏതെങ്കിലും മേഖലയിലെ തൊഴിൽവൈദഗ്ധ്യം തെളിയിക്കുന്ന ഒരു സർട്ടിഫിക്കേഷനും ഉണ്ടാകും. തുടർന്ന് അക്കാദമിക മേഖലയിൽ പഠനം ആഗ്രഹിക്കുന്നവർക്ക് അതതു വിഷയങ്ങൾ ഉന്നത പഠനത്തിനായി തിരഞ്ഞെടുക്കാം. തൊഴിൽമേഖലയിൽ തൊഴിൽ തേടുന്നവർക്ക് ഈ വൈദഗ്ധ്യം പ്രത്യേകമായി പരിഗണിക്കപ്പെടുകയും ചെയ്യും.